ശ്രീ. എ. ജെ. ജാൺ : വാങ്ങിയിട്ടുണ്ട്.

ശ്രീ. പാഠം തളിയത്തു് : എത്ര ഷെയർ വാങ്ങിച്ചു എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. പാഠം തളിയത്തു് : എന്തു വിലവച്ചാണു് ഷെയർ വാങ്ങിയിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജാൺ : ഫ്രാ രൂപ മുതൽ പത്തു രൂപവരെ വിലവച്ചു വാങ്ങിയിട്ടുണ്ടു്.

ശ്രീ. പാഠം തളിയത്തു് : അതു് ഏതു ബ്രോക്കേഴ്സ് മുഖാന്തിരമാണു് വാങ്ങിയിട്ടുള്ളതു്.

ശ്രീ. എ. ജെ. ജാൺ : പലരിൽനിന്നും വാങ്ങിയിട്ടുണ്ടു്.

ഒന്നാംഗ്രേഡു് കാളേജുസ്ഥാപനം

* 795. (24) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ബിഷപ്പു് കൊല്ലത്തു് ഒരു ഒന്നാംഗ്രേഡു് കാളേജു് സ്ഥാപിക്കുന്നതിനു് അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു എന്നു പ്രസ്താവിക്കുമോ ;

(സി) ടി കാളേജിനു് അനുവാദം നൽകുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) അപേക്ഷിച്ചിട്ടുണ്ടു്.

(ബി) ആ അപേക്ഷ ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ : ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതിനു് ഗവൺമെണ്ടു് ഇത്രയധികം താമസിക്കുന്നതെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: താമസിച്ചിട്ടില്ല. അടുത്തു മാത്രമാണു് യൂണിവേഴ്സിറ്റി റിപ്പോർട്ടു കിട്ടിയിട്ടുള്ളതു്.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ :എത്രകാലത്തിനകം ഇതിനു ഒരു തീരുമാനം എടുക്കാൻ ഗവൺമെണ്ടിനു സാധിക്കുമെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിയുന്നതും വേഗം തീരുമാനം എടുക്കാം.

Sri. P. Balakrishnan Tampi : May I know whether the Honourable Member implies that there is interference of the Government in this matter ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നില്ല.

Sri. K. P. Neelakanta Pillai : Are Government aware that there is a strong opinion in the country against granting permission for more colleges at present ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള അഭിപ്രായങ്ങളും കേട്ടിട്ടുണ്ടു്.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ : അടുത്ത വിദ്യാലയവർഷത്തിനകം ഇതു സംബന്ധിച്ചു് ഏതെങ്കിലും തീരുമാനം എടുക്കാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവൺമെണ്ടു് ആലോചിച്ചുകൊണ്ടിരിക്കയാണു്. വളരെവേഗം തീരുമാനം ചെയ്യാം.

ശ്രീ. സി. സി. പ്രസാദു് : കൊല്ലത്തു് ഒന്നിലധികം കാളേജിന്റെ ആവശ്യമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു് ഇതിലടങ്ങിയിരിക്കുന്ന പ്രശ്നം.

MASTER OF LAW DEGREE

***795.** [24] **Sri N. V. Chacko :** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have received any recommendation from the Syndicate of of the Travancore University to alter Section 2 of Chapter VIII of the statute regulating Master

LIBRARY ARCHIVES Kerala Legislative Assembly